പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 745 — 3.11. 2011 - ൽ മറുപടിക്ക്

## കലാമണ്ഡലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ക്ലാസ്സിക്ക് കലാരൂപങ്ങൾക്ക് അന്താരാഷ്ട്ര പ്രശസ്തിയും അംഗീകാരവും നേടിയെടുക്കുന്നതിന് കലാമണ്ഡലം എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | എ) ഏഷ്യയും യൂറോപ്പും അമേരിക്കയും കാനഡയും ആസ്ട്രേലിയയിലുമടക്കമുള്ള വിദേശരാജ്യങ്ങളുമായി സാംസ്കാരിക വിനിമയ പരിപാടികൾക്ക് പ്രാരംഭ നടപടികൾ കലാമണ്ഡലം ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കലാമണ്ഡലം നടത്തി വരുന്ന കഥകളി, കൂടിയാട്ടം എന്നീ പരിപാടികൾ കൂടാതെ കലാമണ്ഡലത്തിൽ നിന്ന് ചെറിയ കലാസംഘങ്ങളെ വിവിധ രാജ്യങ്ങളിൽ അയക്കുന്നതിനുള്ള പരിശ്രമവും തുടങ്ങിയിട്ടുണ്ട്. ചെക്ക് റിപ്പബ്ലിക്കിന്റെ ഇന്ത്യൻ അംബാസിഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ രാജ്യവുമായി സാംസ്കാരിക വിനിമയ പരിപാടി വരും വർഷങ്ങളിൽ നടത്തുന്നതിന് ധാരണയായിട്ടുണ്ട്. |
| ബി) ഇതിനായി വിദേശ രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിന്റെ കേന്ദ്രമാക്കി കലാമണ്ഡലത്തെ മാറ്റുമോ; | ബി) വിദേശ രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിന്റെ കേന്ദ്രമാക്കി കലാമണ്ഡലത്തെ മാറ്റാനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| സി) | അക്കാഡമിക് രംഗം പരിഷ്ക്കരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സി) | കലാമണ്ഡലത്തിൽ പഠന വിഷയമായിട്ടുള്ള പതിനാലോളം കലാരൂപങ്ങളുടെ താത്വികവും പ്രായോഗികവുമായ പഠനം വിപുലീകരിക്കുന്നതിനും അവയുടെ ചരിത്രപരവും സൗന്ദര്യാത്മകവുമായ ധാതുബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കലാമണ്ഡലത്തിന്റെ രണ്ടു ക്യാമ്പസുകളിലും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ പ്രയോജനപ്പെടും വിധം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വള്ളത്തോൾ നഗർ ക്യാമ്പസിൽ 10 കലാപഠന കളരികളുടെ നിർമ്മാണം ഉടൻ തുടങ്ങുന്നു. ചെറുത്തുരുത്തിയിലുള്ള നിളാ ക്യാമ്പസിൽ കേരള ടൂറിസവുമായി സഹകരിച്ച് 8 കളരികളുടെ പണി പൂർത്തിയായി പഠനം ആരംഭിച്ചു. അവിടെത്തന്നെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി മിക്കവാറും തീർന്നു കഴിഞ്ഞു. സംസ്ഥാന സർക്കാർ 6 കോടി രൂപ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. |
| ഡി) | ഇതു നടപ്പാക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ഉണ്ട്. കലാമണ്ഡലം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത്തായ പദ്ധതികൾക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ